റിപ്പോർട്ട്

വി. അബ്ദുൽ വാഹിദ് പയ്യനാട്

# സേവന ഭൂമിയിൽ ചരിത്രം തീർത്ത് എസ്.ഐ.ഒ

**നിരന്തര** സമരത്തിലൂടെ നേടിയെടുത്ത അവകാശങ്ങൾ അടിസ്ഥാന സൗകര്യത്തിന്റെ അഭാവംമൂലം നഷ്ടപ്പെട്ടു പോകാതിരിക്കാൻ അവശേഷിച്ച വിയർപ്പു തുള്ളികൾകൂടി ഒഴുക്കി എസ്.ഐ.ഒ സേവനത്തിന്റെ മഹിത മാതൃക സൃഷ്ടിച്ചു. രാജ്യത്തെ വിദ്യാർഥി സംഘടനകളുടെ ചരിത്രത്തിൽ ഇന്നോളമില്ലാത്ത പുതിയ പാഠങ്ങൾ പകർന്നു നൽകി എസ്.ഐ.ഒ ചരിത്രത്തിലേക്ക് നടന്നു കയറി.



മഞ്ചേരി നെല്ലിക്കുത്ത് ഗവ. സ്കൂളിലെ കെട്ടിടോദ്ഘാടന ചടങ്ങിൽ സംസ്ഥാന സാക്ഷരതാ അംബാസഡർ ചേലക്കോടൻ ആഇശ പ്രസംഗിക്കുന്നു

വിദ്യാഭ്യാസ രംഗത്ത് കാലങ്ങളായി മലബാർ മേഖലയോടു തുടരുന്ന അവഗണനക്കെതിരെ എസ്.ഐ.ഒ നടത്തിയ രണ്ടു വർഷത്തെ സന്ധിയില്ലാ സമരത്തിനൊടുവിൽ മലപ്പുറം ജില്ലക്ക് കിട്ടിയ ഏതാനും പ്ലസ് ടു ബാച്ചുകൾ നിലനിർത്താൻ ഉദാരമതികളുടെ സംഭാവനകളും സ്വന്തം വിയർപ്പും ചേർത്ത് കെട്ടിടങ്ങൾ നിർമിച്ചും ഇരിപ്പിടങ്ങൾ ഒരുക്കിയും സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുകവഴി എസ്.ഐ.ഒ അധികാരി വർഗ്ഗത്തിന്റെ കണ്ണു തുറപ്പിക്കുക കൂടിയായിരുന്നു.

മലപ്പുറം മങ്കട ഗവ. ഹയർസെക്കണ്ടറി സ്കൂളിലും മങ്കട പള്ളിപ്പുറം ഗവ. ഹയർ സെക്കണ്ടറി സ്കൂളിലും മഞ്ചേരി നെല്ലിക്കുത്ത് ഗവ. ഹയർസെക്കണ്ടറി സ്കൂളിലും എസ്.ഐ.ഒ കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കി. ചെറിയമുണ്ടം ഗവ. ഹയർ സെക്കണ്ടറി സ്കൂളിന് ആവശ്യമായ ഫർണിച്ചറുകൾ നൽകി.

സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ ഭൂപടത്തിൽ മലബാർ മേഖല പൊതുവിലും മലപ്പുറം ജില്ല പ്രത്യേകിച്ചും എന്നും അവഗണനയുടെ പടുകുഴിയിലാണ്. ജില്ലയിൽ ഹയർസെക്കണ്ടറി പഠന സൗകര്യം ശുഷ്കവും അപര്യാപ്തവുമാണെന്ന് രണ്ടു വർഷം മുമ്പ് എസ്.ഐ.ഒ നടത്തിയ പഠനങ്ങൾ വെളിപ്പെടുത്തിയിരുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ മലപ്പുറത്തെ കുട്ടികൾ മികച്ച വിജയം കൈവരിക്കുമ്പോഴും മാറിവരുന്ന സർക്കാറുകൾ മലപ്പുറത്തിന്റെ ദീന രോദനം ചെവികൊണ്ടില്ല. വിദ്യാഭ്യാസ വകുപ്പ് ഏറെക്കാലം കൈകാര്യം ചെയ്തത് മലപ്പുറത്തിന്റെ 'സ്വന്തം പാർട്ടി'യാണെന്ന വസ്തുത വിരോധാഭാസമായി നിലകൊള്ളുന്നു. സംസ്ഥാനത്തിന്റെ തെക്കൻ ജില്ലകളോടു തുലനം ചെയ്താൽ മലപ്പുറത്തെ വിദ്യാഭ്യാസ അവഗണന വ്യക്തമാകും. കോട്ടയത്തും തിരുവനന്തപുരത്തും പ്ലസ്ടു സീറ്റുകൾ ആവശ്യമില്ലാതെ ഒഴിഞ്ഞുകിടക്കുമ്പോൾ കൂടുതൽ പേർ എസ്.എസ്.എൽ.സി പരീക്ഷ എഴുതുന്ന മലപ്പുറത്ത് തുടർപഠനത്തിന് സൗകര്യമില്ലാതെ വിദ്യാർഥികൾ പ്രയാസപ്പെടുകയാണ്. ബിരുദ-ബിരുദാനന്തര മേഖലകളിലും ഈ വിവേചനമുണ്ട്. ഗവൺമെന്റ് എയിഡഡ് കോളേജുകൾ കുറവായ ജില്ലയിൽ പണമുള്ളവന് മാത്രം പഠിക്കാവുന്ന സ്വാശ്രയ സ്ഥാപനങ്ങൾ അനേകമാണ്.

എസ്.ഐ.ഒ മലപ്പുറം, കോഴിക്കോട് ജില്ലകൾ സംയുക്തമായി ഈ വിഷയത്തിൽ ശക്തമായ സമരപരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കി. 'വിദ്യാഭ്യാസ ഭൂപടത്തിൽ മലബാർ കേരളത്തിന് അകത്തോ പുറത്തോ?' എന്ന പേരിൽ എസ്.ഐ.ഒ പ്രസിദ്ധീകരിച്ച പുസ്തകം മലബാർ അനുഭവിക്കുന്ന അവഗണനയുടെയും അസന്തുലിതത്വത്തിന്റെയും ആഴം വ്യക്തമാക്കുന്നതാണ്. 'മലബാറെന്താ കേരളത്തിലല്ലേ?' എന്ന തലക്കെട്ടിൽ നടത്തിയ കാമ്പയിനിന്റെ ഭാഗമായി സംഘടിപ്പിച്ച പരിപാടികളിലൂടെയും പ്രശ്നം ജനശ്രദ്ധയിൽ കൊണ്ടുവരുന്നതിൽ എസ്.ഐ.ഒ വിജയിച്ചു. മികച്ച മാധ്യമ കവറേജും പരിപാടിക്കു ലഭിച്ചു.


കാമ്പയിനിന്റെ ഭാഗമായി ജില്ലാ ഭരണാധികാരികൾക്കും ജില്ലയിലെ നിയമസഭ, പാർലമെന്റ് അംഗങ്ങൾക്കും എസ്.ഐ.ഒ നിവേദനം സമർപ്പിച്ചു. എസ്.ഐ.ഒ പ്രവർത്തകർ കേരള തലസ്ഥാനത്ത് സെക്രട്ടറിയേറ്റ് മാർച്ചും ധർണ്ണയും നടത്തി. മലബാറിലെ വിദ്യാഭ്യാസ പ്രശ്നങ്ങൾക്ക് പരിഹാരം കാണാതെ സ്കൂൾ പ്രവേശനോത്സവത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം കോഴിക്കോട്ട് നിർവ്വഹിക്കാൻ സർക്കാർ ധാർഷ്ട്യം കാണിച്ചപ്പോൾ അത് മലബാറിലെ വിദ്യാർഥി സമൂഹത്തോടുള്ള പരിഹാസമാണെന്ന് തിരിച്ചറിഞ്ഞ് വിദ്യാഭ്യാസ മന്ത്രിയെ വഴി തടയേണ്ടിവന്നു എസ്.ഐ.ഒവിന്.

പ്രതിഷേധം ചില വിദ്യാർഥി സംഘടനകളും മാധ്യമങ്ങളും ഏറ്റെടുത്തതോടെ ഒരു വലിയ ജനകീയ പ്രക്ഷോഭമായി ഇത് ഉയർന്നു വന്നു. ഈ സാഹചര്യത്തിലാണ് ഇടതു സർക്കാർ ഗത്യന്തരമില്ലാതെ മലബാറിൽ പുതിയ ബാച്ചുകൾ അനുവദിച്ച് ഓർഡിനൻസിറക്കിയത്. ഏഴായിരത്തോളം അധിക സീറ്റുകളാണ് ഇതിലൂടെ ജില്ലക്ക് ലഭ്യമായത്. കുറവുള്ള അരലക്ഷത്തോളം സീറ്റുകൾക്കു പകരം ഇതൊന്നുമല്ലെങ്കിലും പ്രതിഷേധങ്ങളുടെ ആദ്യവർഷംതന്നെ സർക്കാരിന്റെ ഭാഗത്തുനിന്ന് അനുകൂല സമീപനമുണ്ടായി.

എന്നാൽ, മലപ്പുറത്തിന്റെ പ്രശ്നം വെറും സീറ്റുകൾ അനുവദിക്കുന്നതിൽ മാത്രം തീരുന്നതായിരുന്നില്ല. ഒട്ടുമിക്ക

ഗവൺമെന്റ് ഹയർസെക്കണ്ടറികളിലും നിലവിലുള്ള വിദ്യാർഥികൾക്കുതന്നെ വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതിരുന്ന സാഹചര്യത്തിലാണ് അധിക ബാച്ചുകൾ അനുവദിക്കപ്പെടുന്നത്. എസ്.ഐ.ഒ അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ച് പഠനം നടത്തി ജില്ലാ ഭരണകൂടത്തിന് നിവേദനം സമർപ്പിച്ചു. എന്നാൽ തികച്ചും നിരാശാജനകമായിരുന്നു മറുപടി. സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങളൊരുക്കാൻ ജില്ലാപഞ്ചായത്ത് നബാഡിന്റെ സഹായം തേടാൻ തീരുമാനിച്ചിട്ടുണ്ടെന്നായിരുന്നു പ്രസിഡന്റ് അരിമ്പ്ര മുഹമ്മദ് മാസ്റ്ററുടെ വിശദീകരണം.

അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതക്കുറവിനുപുറമേ ജില്ലയിലെ വിദ്യാർഥികൾ മറ്റുരണ്ട് പ്രശ്നങ്ങൾ കൂടി നേരിടുന്നതായി എസ്.ഐ.ഒ കണ്ടെത്തി. ഒന്ന്, ഓപ്പൺ സ്ക്രീമിൽ നിന്ന് റഗുലർ സ്കീമിലേക്ക് മാറുമ്പോഴുണ്ടാകുന്ന സാമ്പത്തിക പ്രയാസം. ജില്ലയിൽ തുടർപഠന താൽപര്യമുള്ള മിക്ക വിദ്യാർഥികളും ഓപ്പൺ സ്ട്രീം വഴി രജിസ്ട്രേഷൻ നടത്തിയിരുന്നു. രണ്ട്, ക്ലാസുകൾ വൈകി തുടങ്ങുന്നതിനാൽ വിദ്യാർഥികൾക്ക് പാഠഭാഗങ്ങൾ നഷ്ടപ്പെടുന്നത്.



ഇത്തരം പ്രശ്നങ്ങൾ മുൻനിറുത്തി നവംബർ രണ്ടാം വാരത്തിൽ എസ്.ഐ.ഒ മലപ്പുറത്ത് പത്രസമ്മേളനം വിളിച്ച് ഒരു വിദ്യാഭ്യാസ പ്രൊജക്ട് സമർപ്പിച്ചു. ഈ പദ്ധതിയിൽ മൂന്ന് സ്കീമുകളാണ് മുന്നോട്ടുവെച്ചത്. അതിൽ പ്രധാനപ്പെട്ടത്, അടിസ്ഥാന സൗകര്യങ്ങളില്ലാത്ത സർക്കാർ ഹയർസെക്കണ്ടറി സ്കൂളുകളിൽ എസ്.ഐ.ഒ താൽകാലിക കെട്ടിടങ്ങളും ഫർണിച്ചറുകളും ലഭ്യമാക്കും എന്നതായിരുന്നു. ഫീസടക്കാനും മറ്റും പ്രയാസമനുഭവിക്കുന്ന വിദ്യാർഥികളെ സാമ്പത്തികമായി സഹായിക്കുമെന്നും ക്ലാസ് വൈകി തുടങ്ങുന്നതു മൂലം നഷ്ടമായേക്കാവുന്ന പാഠഭാഗങ്ങൾ പഠിപ്പിക്കാൻ സൗജന്യ ട്യൂഷൻ ഏർപ്പെടുത്തുമെന്നും എസ്.ഐ.ഒ പ്രഖ്യാപിച്ചു.

ഈ പ്രഖ്യാപനങ്ങൾക്ക് നല്ല പ്രതികരണമാണ് ലഭിച്ചത്. ചില സ്കൂൾ അധികൃതർ ദിവസങ്ങൾക്കകം എസ്.ഐ.ഒവിന്റെ സഹായം തേടി. എസ്.ഐ.ഒ പ്രഖ്യാപിച്ച സൗജന്യ ട്യൂഷൻ പദ്ധതിയും മികച്ച പ്രതികരണങ്ങൾ സൃഷ്ടിച്ചു. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് ഒട്ടേറെ അധ്യാപകർ പങ്കാളികളാകാൻ താൽപര്യമറിയിച്ചു.

ജില്ലയിൽ മൂന്നു കെട്ടിട നിർമാണ പദ്ധതികളാണ് എസ്.ഐ.ഒ ഏറ്റെടുത്തത്. മങ്കട ഗവൺമെന്റ് സ്കൂളിലെ കെട്ടിട നിർമ്മാണം ക്രിസ്തുമസ് വെക്കേഷനു മുമ്പുതന്നെ പൂർത്തീകരിച്ച് സ്കൂളിനു കൈമാറി. എസ്.ഐ.ഒ പ്രവർത്തകരുടെ നാലു ദിവസത്തെ കഠിനാധ്വാനംകൊണ്ട് യാഥാർഥ്യമായ ഇതിന്റെ സാമ്പത്തിക ബാധ്യത പി.ടി.എ വഹിച്ചു.

മങ്കട പള്ളിപ്പുറം ഹയർസെക്കണ്ടറിക്കുവേണ്ടി നിർമ്മിച്ച മൂന്നു ക്ലാസ് മുറികളടങ്ങിയ കെട്ടിടം എസ്.ഐ.ഒ സംസ്ഥാന പ്രസിഡന്റ് സി.ദാവൂദ് സ്കൂളിനു സമർപ്പിച്ചു. അമ്പതിനായിരത്തോളം രൂപ വിലമതിക്കുന്ന ഇതിന്റെ മുഴുവൻ സാമ്പത്തിക ബാധ്യതയും നിർമാണ ജോലികളും എസ്.ഐ.ഒ വഹിച്ചു. എസ്.ഐ.ഒ ഉയർത്തിപ്പിടിച്ച 'പഠനം, സമരം, സേവനം' എന്ന മുദ്രാവാക്യത്തിന്റെ സാക്ഷാത്കാരത്തിനുള്ള ഏറ്റവും മികച്ച ഉദാഹരണങ്ങളിലൊന്നാണ് ഇതെന്ന് സമർപ്പണ ചടങ്ങിൽ അദ്ദേഹം പറഞ്ഞു.

'രണ്ടു ദിവസം മുമ്പുവരെ എനിക്കിതു കാണുമ്പോൾ ആധിയായിരുന്നു. കുറച്ച് തൂണുകൾ മാത്രം ഉയർന്നു നിൽക്കുന്നു. ഇപ്പോഴിതാ ഈ വിദ്യാർഥി കൂട്ടത്തിന്റെ കഠിനാദ്ധ്വാന ഫലമായി ഒരു മികച്ച കെട്ടിടം തന്നെ ഇവിടെ ഉയർന്നു വന്നിരിക്കുന്നു.' പി.ടി.എ പ്രസിഡന്റ് വി.മൻസൂർ പറഞ്ഞു. ഹയർസെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൾ സേതുമാധവനും ഹൈസ്കൂൾ ഹെഡ് മിസ്ട്രസ് മറിയം ജോർജും വിദ്യാർഥികളുടെ സേവന സന്നദ്ധതയെ പുകഴ്ത്തി വികാരഭരിതമായി സംസാരിച്ചു.

എസ്.ഐ.ഒവിന്റെ സേവന പ്രവർത്തനങ്ങളോട് നാട്ടുകാരും വിദ്യാർഥിളും ആത്മാർഥമായി സഹകരിച്ചു.

മഞ്ചേരി നെല്ലിക്കുത്ത് സർക്കാർ സ്കൂളിൽ അറുപത്തയ്യായിരം രൂപ വിലമതിക്കുന്ന ക്ലാസ്മുറികളുടെ സാമ്പത്തിക ബാധ്യതയും നിർമാണവും എസ്.ഐ.ഒ ഏറ്റെടുക്കുകയും നിർമാണ ജോലികൾ ശ്രമദാനമായി നിർവഹിക്കുകയും ചെയ്തു. ചെലവിന്റെ നാലിലൊന്ന് പി.ടി.എ വഹിച്ചു. സ്കൂൾ അങ്കണത്തിൽ നടന്ന ഉദ്ഘാടന പരിപാടിയിൽ കേരളത്തിന്റെ സാക്ഷരതാ അംബാസഡർ ചേലക്കോടൻ ആയിശയുടെ സാന്നിദ്ധ്യം ശ്രദ്ധേയമായി. മഞ്ചേരി മുനിസിപ്പൽ വൈസ് ചെയർമാൻ രവീന്ദ്രൻ നായരും, വിദ്യാഭ്യാസ സ്റ്റാൻഡിംങ് കമ്മിറ്റി ചെയർമാൻ മുഹമ്മദും സന്നിഹിതരായിരുന്നു. ജമാഅത്തെ ഇസ്ലാമി കേരള അസി. അമീർ ശൈഖ് മുഹമ്മദ് കാരകുന്ന് കെട്ടിടം സ്കൂൾ അധികൃതർക്ക് കൈമാറി. ഹയർസെക്കണ്ടറി പ്രിൻസിപ്പൽ ഉണ്ണികൃഷ്ണൻ, ഹൈസ്കൂൾ ഹെഡ്മാസ്റ്റർ നാരായണൻ എമ്പ്രാന്തിരി എന്നിവർ പങ്കെടുത്തു. സേവന സന്നദ്ധരായ ഈ വിദ്യാർഥിസംഘം സമൂഹത്തിന് മുതൽക്കൂട്ടാണെന്ന് അവർ പറഞ്ഞു.

അടിസ്ഥാന സൗകര്യങ്ങളിൽ വളരെയേറെ പുറകിലായ ഈ സ്കൂളിന് എസ്.ഐ.ഒവിന്റെ സഹായം വളരെ വിലപ്പെട്ടതും മറക്കാനാവത്തതുമാണെന്ന് സ്കൂൾ പാർലമെന്റ് ചെയർമാൻ പി.എ ഷമീം അഭിപ്രായപ്പെട്ടു.

ചെറിയമുണ്ടം ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിന് ആവശ്യമായ ഫർണിച്ചറുകൾ നൽകിയാണ് മലപ്പുറം വെസ്റ്റ് ജില്ലയിലെ പദ്ധതിക്ക് തുടക്കം കുറിച്ചത്. കെ.ടി ജലീൽ എം.എൽ.എ പങ്കെടുത്ത പരിപാടിയിൽ എസ്.ഐ.ഒ സംസ്ഥാന പ്രസിഡന്റ് സി.ദാവൂദ് ഫർണിച്ചറുകൾ സ്കൂളിന് സമർപ്പിച്ചു. മിക്കയിടങ്ങളിലും സോളിഡാരിറ്റിയുടെയും ജമാഅത്തെ ഇസ്ലാമിയുടെയും സഹകരണത്തോടെയും ആശീർവാദത്തോടെയുമാണ് പദ്ധതികൾ പൂർത്തീകരിച്ചത്. ആവശ്യമായ സാമ്പത്തിക ബാധ്യതകൾ തീർക്കാൻ പ്രവർത്തകർ കടകളിലും സ്കൂളുകളിലും പള്ളികളിലും കയറിയിറങ്ങി ബക്കറ്റ് പിരിവുകൾ നടത്തി.

പഠനവും സമരവും സേവനവും സമന്വയിപ്പിച്ചുകൊണ്ടുള്ള എസ്.ഐ.ഒവിന്റെ പ്രവർത്തനങ്ങൾ സമൂഹത്തിന് പുതിയൊരു അനുഭവവും വിദ്യാർഥി സംഘടനകൾക്ക് മാതൃകയുമാണ്. ■